പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 281 **12-10-2026-ൽ മറുപടിയ്ക്ക്**

നെൽ കർഷകരിൽ നിന്നും സപ്ലൈകോ ശേഖരിക്കുന്ന നെല്ലിന്റെ വില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) നെൽ കർഷകരിൽ നിന്നും സപ്ലൈകോ ശേഖരിച്ച നെല്ലിന്റെ വില പൂർണ്ണമായും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ടോ; ഇനി എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ നെൽ കർഷകർക്ക് കൊടുത്തു തീർക്കുവാനായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: 2025-26 സീസണിൽ സംഭരിച്ച 1768.07 കോടി രൂപയുടെ നെല്ലിൽ 22.10.2026 തീയതി വരെ 1753.94 കോടി രൂപ 186972 കർഷകർക്ക് ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് വഴി വിതരണം ചെയ്തിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ 1764 കർഷകർക്ക് 14.13 കോടി രൂപ മാത്രമാണ് ഇനി നൽകാനുള്ളത്.

(ബി) ഭാവിയിൽ കർഷകരിൽ നിന്നും ശേഖരിക്കുന്ന നെല്ലിന്റെ വില സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

മറുപടി: പി.ആർ.എസ് വായ്പ്പാ പദ്ധതി മുഖേന സംഭരണ തുക നൽകുന്ന രീതിയാണ് നിലവിലുള്ളത്.

നെല്ല് സംഭരിച്ച ഉടൻ കർഷകർക്ക് തുക അനുവദിക്കുന്നത് ഉറപ്പു വരുത്തുന്നതിനായി പി.ആർ.എസ് വായ്പയായി അനുവദിക്കാതെ നബാർഡ് (NABARD) ഫണ്ട് ഉപയോഗിക്കുന്നതിന്റെ സാധ്യതയും സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ